B1/30277/2017

പഞ്ചായത്ത് ഡയറക്ടറേറ്റ്, വികാസ് ഭവൻ പി.ഒ.
തിരുവനന്തപുരം - 695033
ഓഫീസ്: 0471-2786309, മൊബൈൽ: 9496040605
ഇമെയിൽ: crbdkerala@gmail.com
തീയതി : 19.10.2019

# സർക്കുലർ

വിഷയം:- മരണ രജിസ്ട്രേഷൻ - മരണ രജിസ്ട്രേഷനിൽ ആധാർ നമ്പർ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന:- (1) ചീഫ് രജിസ്ട്രാറുടെ 18.09.2017 ലെ ബി1-30277/2017 നമ്പർ സർക്കുലർ
(2) രജിസ്ട്രാർ ജനറൽ, ഇന്ത്യ പുറപ്പെടുവിച്ച 3.04.2019 തീയതിയിലെ 1/12/2018-VS(CRS) നമ്പർ സർക്കുലർ

മരണ രജിസ്ട്രേഷനുകളിൽ മരിച്ചയാളുടെ ആധാർ നമ്പർ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് രജിസ്ട്രാർ ജനറൽ, 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്, വകുപ്പ് 3(3) പ്രകാരമുള്ള അധികാരം വിനിയോഗിച്ച് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സൂചന (1) സർക്കുലർ മുഖേന എല്ലാ രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിരുന്നു. Justice K.S.Puttuswamy (Retd.) & Anr. Vs. Union of India and others എന്ന റിട്ട് പെറ്റിഷനിൽ(W.P.(Civil) No.494 of 2012) ബഹു.സുപ്രീം കോടതി 26.09.2018 ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ ജനറൽ സൂചന (2) സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ വിവരിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ രജിസ്ട്രാർമാരും മരണ രജിസ്ട്രേഷൻ സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതാണെന്ന് അറിയിക്കുന്നു.

1. 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിൽ ജനന മരണ രജിസ്ട്രേഷനുകൾക്ക് വേണ്ടി വ്യക്തികളുടെ തിരിച്ചറിയൽ രേഖയായി ആധാർ ഉപയോഗിക്കുന്നതിന് നിഷ്കർഷിച്ചിട്ടില്ലാത്തതിനാലും മേൽപ്പറഞ്ഞ വിധിന്യായ പ്രകാരം ആധാറിന്റെ ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാലും ജനന മരണ രജിസ്ട്രേഷന് ആധാറിന്റെ ഉപയോഗം നിർബ്ബന്ധിതമല്ലാത്തതാണ്. അതിനാൽ മേലിൽ മരണ രജിസ്ട്രേഷൻ നടത്തുന്നതിന് മരിച്ചയാളുടെയോ അപേക്ഷകന്റെയോ ആധാർ വിവരങ്ങളോ ഡിക്ലറേഷനോ നിർബ്ബന്ധമായി ഹാജരാക്കുന്നതിന് നിഷ്കർഷിക്കേണ്ടതില്ല.
2. ജനന മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് തിരിച്ചറിയൽ രേഖയായി സ്വമേധയാ ആധാർ ഹാജരാക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ഹാജരാക്കുന്ന ആധാറിലെ ആദ്യത്തെ എട്ട് അക്കങ്ങൾ തിരിച്ചറിയാനാകാത്തവിധം കറുത്ത മഷി ഉപയോഗിച്ച് മറയ്ക്കേണ്ടതാണ്.
3. ആധാർ നമ്പർ ഏതെങ്കിലും ഡാറ്റാബെയ്സിൽ ശേഖരിച്ച് സൂക്ഷിക്കാനോ ഏതെങ്കിലും രേഖയിൽ പ്രിന്റ് ചെയ്യാനോ പാടില്ലാത്തതാണ്. ആവശ്യമെങ്കിൽ ആധാർ നമ്പരിന്റെ അവസാന നാല് അക്കങ്ങൾ മാത്രം സൂക്ഷിക്കുകയോ പ്രിന്റ് ചെയ്യുകയോ ആകാവുന്നതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ രജിസ്ട്രാർമാരും അക്കാര്യം ഉറപ്പ വരുത്തുന്നതിന് ജില്ലാ രജിസ്ട്രാർമാരും ശ്രദ്ധിക്കേണ്ടതാണ്

(ഒപ്പ്)
ബി.കെ.ദിനേശ് കുമാർ
ചീഫ് രജിസ്ട്രാർ (ജനന മരണം)

എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ജനന മരണ രജിസ്ട്രാർക്കും
പകർപ്പ്: രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ (ഉപരിപത്രം സഹിതം)
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
പഞ്ചായത്ത് ഡയറക്ടറുടെ മേശപ്പുറത്ത്
നഗരകാര്യ ഡയറക്ടർ (ഉപരിപത്രം സഹിതം)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.കെ.എം. (ഉപരിപത്രം സഹിതം)
എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
കരുതൽ ഫയൽ, അധികം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്